# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 07-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 660

**<u>'എമർജിംഗ് കേരള' രജിസ്റ്റർ ചെയ്യപ്പെട്ട വ്യവസായങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടത്തിയ 'എമർജിംഗ് കേരള' പരിപാടിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര വ്യവസായങ്ങളാണ് ഇപ്പോൾ കേരളത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്;<br><br>(ബി) ഏതെല്ലാം വ്യവസായങ്ങളാണ് ആരംഭിച്ചതെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) & (ബി) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. അതിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ കെ.എസ്.ഐ.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ M/s. Gateway Distri- parks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം 09/09/2013 ൽ ആരംഭിച്ചു. ഇ.പി.ഡി.എം. റബ്ബർ പ്രോജക്ട്, പാൽ സംസ്ക്കരണ യൂണിറ്റ് മുതലായ പദ്ധതികൾ പുരോഗമിച്ചു വരുന്നു.<br><br>എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള ബയോ ന്യൂട്ര പാർക്കി (വിവിധ ഘട്ടം) ന്റെ ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

7000 കോടി രൂപ മൊത്തം മുതൽമുടക്കുവരുന്ന പെട്രോകെമിക്കൽ പാർക്ക് അമ്പലമുകളിൽ സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നടപടിയെടുത്തു വരുന്നു. ഇവിടെ വരുന്ന 5 പദ്ധതികൾ പുരോഗമിക്കുന്നുണ്ട്.

ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. ബി.പി.സി.എൽ. കൊച്ചിയിൽ നടപ്പാക്കുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികാണ്. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, ബി.പി. സി.എൽ.-ന്റെ കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ട് കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോ മോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ, മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

| | | | |
|---|---|---|---|
| | | | 1500 കോടി രൂപ മുതൽ മുടക്കുള്ള ഡി.എം. ഹെൽത്ത് കെയറിന്റെ കൊച്ചിയിലെ ആസ്റ്റർ മെഡിസിറ്റി ഹോസ്പിറ്റൽ പദ്ധതിയുടെ 500 കോടി രൂപ ചിലവു വരുന്ന ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിന്റെ ഭാഗമായി ബയോടെക് ഇൻക്യുബേറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. നടപടി എടുത്തിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം പുതിയ വ്യവസായ സ്ഥാപനങ്ങൾ എന്തെങ്കിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഈ സാമ്പത്തി വർഷം കെ.എസ്.ഐ. ഡി.സി. യുടെ സഹായത്തോലെ 11 വ്യവസായ പദ്ധതികൾ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | എങ്കിൽ അവ പൊതു മേഖലയിലാണോ സ്വകാര്യ മേഖലയിലാണോ എന്നു വ്യക്തമാക്കുമോ? | (ഡി) | അവയെല്ലാം തന്നെ സ്വകാര്യമേഖലയിലാണ്. |

സെക്ഷൻ ഓഫീസർ

**KSIDC**

**LIST OF PROJECTS EXPECTED TO BE COMPLETED/COMMISSIONED DURING 2013-14**

| Sl. No | Year/Name of project | Location/ District | Cost (Rs. lakhs) | Emplyt (No.s) |
|---|---|---|---|---|
| 1 | Accurarch Acrylics Pvt. Ltd | Thrissur | 580.00 | 45 |
| 2 | Calicut Granites Pvt. Ltd.(Exp) | Malappuram | 310.00 | 40 |
| 3 | Crystal Aluminium Products Pvt. Ltd. | Kozhikode | 550.00 | 45 |
| 4 | Eurotech Maritime Academy Pvt.Ltd. | Ernakulam | 1300.00 | 150 |
| 5 | Kumarakom Aqua Serene Pvt. Ltd.(Exp) | Kottayam | 1592.60 | 60 |
| 6 | Nilamels & Kaimals Food Pvt. Ltd | Trivandrum | 347.00 | 35 |
| 7 | Sanrea Healthcare Products Pvt.Ltd. | Palakkad | 900.00 | 190 |
| 8 | TMV Natural Oils & Extracts Pvt Ltd | Ernakulam | 325.00 | 20 |
| 9 | ULCCS IT Infrastructure Pvt Ltd | Kozhikode | 21000.00 | 4015 |
| 10 | Waves Electronics Pvt. Ltd..(Exp) | Ernakulam | 342.00 | 8 |
| 11 | YTS Developers and Properties Pvt. Ltd | Trivandrum | 1100.00 | 20 |
|  | Total(11 Projects) |  | 28346.60 | 4628 |
|  | S&P 316 |  |  |  |